തൽക്കാലം വർക്കലയിൽ കൂടി ഒരു പോളിടെക്നിക്ക് തുടങ്ങുവാൻ നിർവ്വാഹമില്ല.

(സി) ഇല്ല.

(ഡി) ഈ അദ്ധ്യയന വർഷത്തിൽ ഇനി പുതുതായി പോളിടെക്നിക്കുകൾ അനുവദിക്കുവാൻ നിർവാഹമില്ല.

ഹോസ്പിറ്റൽ മാനേജ്മെന്റ് കോഴ്സ്

75 (858)ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എച്ച്.ആർ.ഡി.യുടെ കീഴിൽ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമാ ഇൻ ഹോസ്പിറ്റൽ മാനേജ്മെന്റ് എന്ന കോഴ്സിന് കേരളത്തിൽ എത്ര സെന്റർ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) എത്രകാലമായി ഈ കോഴ്സ് ആരംഭിച്ചിട്ട് എന്നും ഇതുവരെ എത്ര വിദ്യാർത്ഥികൾ കോഴ്സ് പൂർത്തിയാക്കി എന്നും വ്യക്തമാക്കുമോ;

(സി) ഈ കോഴ്സ് പി.എസ്.സി.യോ യൂണിവേഴ്സിറ്റിയോ ഗവൺമെന്റോ അംഗീകരിച്ചിട്ടുണ്ടോ;

(ഡി) ഈ കോഴ്സിന്റെ കാലാവധി എത്ര മാസമാണ് എന്ന് വ്യക്തമാക്കുമോ;

(ഇ) ഈ കോഴ്സ് പാസ്സായ എത്രപേർക്ക് ജോലി ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(എഫ്) ഈ കോഴ്സ് പാസ്സായി വരുന്നവർക്ക് ജോലി സാദ്ധ്യത ഉറപ്പു വരുത്തുമോ?

ഉത്തരം

(എ) രണ്ട്. അതിൽ ഒന്ന് ഫ്രാഞ്ചയിസ് സെന്ററാണ്.

(ബി) 1995 നവംബർ മുതൽ 126 വിദ്യാർത്ഥികൾ കോഴ്സ് പൂർത്തിയാക്കിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി) പന്ത്രണ്ട് മാസം (മൂന്ന് സെമസ്റ്റർ) (1 വർഷം)

(ഇ) ഇതു സംബന്ധിച്ച കണക്ക് ശേഖരിച്ചിട്ടില്ല.

(എഫ്) ഇൻഡ്യക്ക് അകത്തും പുറത്തുമുള്ള പ്രൈവറ്റ് ആശുപത്രികളിലെ ഭരണ രംഗത്ത് ലഭ്യമായ ജോലി സാദ്ധ്യതകൾ കണക്കിലെടുത്താണ് ഈ കോഴ്സ് ആരംഭിച്ചത്. ഈ കോഴ്സ് പൂർത്തിയാക്കിയവർക്ക് പ്രൈവറ്റ് ആശുപത്രികളിൽ ധാരാളം ജോലി ലഭിക്കുന്നുണ്ട്. കോഴ്സ് പൂർത്തിയാക്കുന്ന എല്ലാവർക്കും ജോലി സാധ്യത ഉറപ്പുവരുത്തുവാൻ പ്രായോഗിക വൈഷമ്യമുണ്ട്. കാരണം .സ്വയം തൊഴിൽ കണ്ടെത്തുന്നതിന് തൊഴിൽരഹിതരായ അഭ്യസ്തവിദ്യരെ സഹായിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഈ കോഴ്സ് നടത്തുന്നത്.

LIBRARY ARCHIVES Kerala Legislative Assembly